# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ : 3805

26.06.2012-ൽ മറുപടിക്ക്.

### കൊച്ചി - കോയമ്പത്തൂർ വ്യവസായ ഇടനാഴി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) കൊച്ചി - കോയമ്പത്തൂർ വ്യവസായ ഇടനാഴിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ. | (എ) രാജ്യത്തിന്റെ വ്യവസായിക ഉല്പാദനം ഇപ്പോഴുള്ള 15% ത്തിൽ നിന്ന് മൊത്തം ഉല്പാദനത്തിന്റെ 25% ആയി വർദ്ധിപ്പിക്കുവാനും അതു വഴി അടുത്ത 10 വർഷത്തിനുള്ളിൽ ഏകദേശം 100 ദശലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഉദ്ദേശിച്ചുകൊണ്ട് 2011 നവംബറിൽ കേന്ദ്ര ഗവൺമെന്റ് വിഭാവനം ചെയ്തിട്ടുള്ള 'നാഷണൽ മാനുഫാക്ചറിങ്ങ് പോളിസി'യനുസരിച്ച് ഈ പദ്ധതി കൊച്ചി - പാലക്കാട് നാഷണൽ ഇൻവെസ്റ്റ്മെന്റ് ആന്റ് മാനുഫാക്ചറിങ്ങ് സോൺ (കൊച്ചി - പാലക്കാട് നിംസ്) എന്ന രൂപത്തിൽ നടപ്പിലാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.<br><br>എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട് എന്നീ 4 ജില്ലകൾ ഉൾപ്പെടുന്ന ഏകദേശം 5200 ഹെക്ടർ ഭൂമി ഉൾപ്പെടുത്തികൊണ്ട് കൊച്ചി - സേലം 4 വരി NH-544- (പഴയ NH 47) ന്റെ ഇരുവശങ്ങളിലായി 20 വ്യാവസായിക നോഡുകൾ വികസിപ്പിച്ചെടുക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിന്റെ പ്രാഥമിക റിപ്പോർട്ട് കെ.എസ്.ഐ.ഡി.സി ഏപ്രിൽ 2012 ൽ പൂർത്തിയാക്കുകയും കേന്ദ്ര സർക്കാരിന് പദ്ധതിയുടെ അനുമതിക്കും മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുള്ള അനുമതിക്കുമായി സമർപ്പിച്ചിരിയ്ക്കുകയാണ്. |

(ബി) പ്രസ്തുത പദ്ധതി വിപുലീകരിച്ച് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി 2012-13 വർഷത്തെ പദ്ധതിയിൽ എത്ര തുകയാണ് വകകൊള്ളിച്ചിരിക്കുന്നത്; അനുവദിച്ച തുക പര്യാപ്തമാണോ; അല്ലെങ്കിൽ എത്ര തുക വർദ്ധിപ്പിക്കുമെന്ന് വിശദീകരിക്കാമോ;

(ബി) ഈ പദ്ധതി നടത്തിപ്പിനായി 2012-13 ലേക്ക് സംസ്ഥാന സർക്കാർ 10 കോടി രൂപ കെ.എസ്.ഐ.ഡി.സിക്ക് അനുവദിച്ചിട്ടുണ്ട്. പ്രാഥമിക പഠനങ്ങൾക്കായി ഈ തുക പര്യാപ്തമാണ്. പക്ഷേ പദ്ധതിയുടെ അനുമതി ലഭിച്ചാൽ പദ്ധതിക്കാവശ്യമുള്ള സ്ഥലം ഏറ്റെടുക്കുവാനായി 2012-13 ൽ ഇനിയും കൂടുതൽ തുക ആവശ്യമായി വരും.

(സി) കൊച്ചി - കോയമ്പത്തൂർ വ്യവസായ ഇടനാഴി എന്ന അടിസ്ഥാന വികസന പദ്ധതി വിപുലമായി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(സി) കൊച്ചി-പാലക്കാട് നാഷണൽ ഇൻവെസ്റ്റ്മെന്റ് ആന്റ് മാനുഫാക്ചറിങ്ങ് സോണിൽ ഏകദേശം 54,000 കോടി രൂപ മുതൽമുടക്കു പ്രതീക്ഷിക്കുന്ന പദ്ധതിയിൽ വ്യവസായിക വാണിജ്യ നിക്ഷേപത്തിനായുള്ള സ്ഥലം, വൈദ്യുതി, ജലം, റോഡുകൾ, ഡ്രയിനേജ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും നാഷണൽ ഹൈവേയും പ്രധാന റെയിൽപാതയുമായി ബന്ധപ്പെടുത്തിയിട്ടുള്ള റോഡ് ലിങ്കേജ്, പ്രകൃതി വാതകം അടിസ്ഥാനമാക്കിയുള്ള ഒരു ഊർജ്ജപദ്ധതി, പൊതുമാലിന്യ സംസ്കരണ പ്ലാന്റ്, മഴവെള്ള സംഭരണം, ഖരമാലിന്യ സംസ്കരണം എന്നിവ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ഏകദേശം 5200 ഹെക്ടർ സ്ഥലത്ത് 20 വ്യവസായ വാണിജ്യ നോഡുകളായിട്ടാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ സ്ഥലത്തെയും വ്യവസായിക അന്തരീക്ഷവും, പ്രകൃതിയും, അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും, ഹൈവേ, റെയിൽപ്പാത തുടങ്ങിയവയുടെ സാമീപ്യവും അനുസരിച്ച് ഓരോ നോഡുകളെയും വ്യവസായ വാണിജ്യാടിസ്ഥാനത്തിൽ തിരിക്കും.

സെക്ഷൻ ഓഫീസർ